# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 490
# 02.12.2014 ലെ മറുപടിക്ക്
# ആസ്തി വികസന ഫണ്ട്

| ചോദ്യം.<br>ശ്രീ.എം.പി.വിൻസെന്റ് | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ മന്ത്രി |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിക്കുന്ന പ്രവർത്തികളുടെ ഭരണാനുമതി ഉത്തരവ് അതാത് എം.എൽ.എ മാർക്ക് ഇ-മെയിലിൽ ലഭ്യമാക്കുമോ; | ആസ്തി വികസന പദ്ധതിയിൻ കീഴിൽ ശുപാർശ ചെയ്യപ്പെടുന്ന പ്രവർത്തികൾക്ക് ധനവകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഭരണ വകുപ്പാണ് ഭരണാനുമതി പുറപ്പെടുവിക്കുന്നത്. ഇപ്രകാരം പുറപ്പെട്ടു വിക്കുന്ന ഭരണാനുമതി ഉത്തരവുകൾ എം.എൽ.എമാരുടെ അറിവിലേയ്ക്കായി ധന വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കു ന്നതാണ് |
| (ബി) | ആസ്തി വികസന ഫണ്ട് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ കാലതാമസം ഒഴിവാക്കാൻ ജില്ലാതലത്തിലേയ്ക്ക് ഫണ്ട് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ?. | LAC-ADS ന്റെ മാർഗ്ഗ നിർദ്ദേശങ്ങളെല്ലാം പാലിച്ച് അംഗീകാരത്തിനായി ധന വകുപ്പിൽ എത്തുന്ന ഭൂരിപക്ഷം ഫയലുകളിലും പരമാവധി 15 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കാറുണ്ട്. ധനവകുപ്പ് അനുമതി നൽകിയ പ്രവർത്തികൾ അടുത്ത 10 ദിവസത്തിനുള്ളിൽ തന്നെ ഭരണ വകുപ്പ് ഭരണാനുമതി നൽകണമെന്ന് 28/12/2012 ലെ 73/12/ധന സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലാ തലത്തിലേയ്ക്ക് ഫണ്ട് കൈമാറുന്ന വിഷയം ധന വകുപ്പിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**